പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 6336

11.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള പലിശരഹിത വായ്പ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആർ. സെൽവരാജ്<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, എ. റ്റി. ജോർജ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ വിതരണം ചെയ്യുന്നതിന് മത്സ്യഫെഡ് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | മത്സ്യം തലച്ചുമടായി വിപണനം നടത്തുന്ന വനിതകൾക്ക് മത്സ്യഫെഡ് പലിശ രഹിത വായ്പ നൽകി വരുന്ന പദ്ധതി നിലവിലുണ്ട്. ഒന്നാം ഘട്ടത്തിൽ **5000** രൂപ വീതവും രണ്ടാം ഘട്ടത്തിൽ, ഒന്നാം ഘട്ടത്തിലെ **5000** രൂപ വായ്പ അടച്ചുതീർത്തവർക്ക് **10,000** രൂപ വീതവും, മൂന്നാം ഘട്ടത്തിൽ ഒന്നാം ഘട്ട വായ്പ ധനസഹായം നൽകുമ്പോൾ വിട്ടുപോയവർക്കായി **5000** രൂപയും കൂടാതെ ഒന്നും രണ്ടും ഘട്ടം വായ്പയെടുത്ത് അടച്ചു തീർത്തവർക്ക് **10,000** രൂപ വീതവും, നാലാം ഘട്ടത്തിൽ മുൻ വായ്പ തുകയായ **10,000** രൂപ അടച്ചു തീർത്തവർക്കായി **15,000** രൂപയും ആണ് പലിശ രഹിത വായ്പയായി നൽകി വരുന്നത്. ഇതിൽ മൂന്നാംഘട്ട പലിശ രഹിത വായ്പ ധനസഹായവും നിലവിൽ നൽകി വരുന്നു. **2012-2013** ൽ അഞ്ചാം ഘട്ട പ്രകാരം ആദ്യ ലോൺ അടച്ചു തീർത്ത **10,000** പേർക്ക് **10,000** രൂപ വീതവും, **15,000** രൂപ എടുത്ത് അടച്ചു തീർത്ത **25,000** പേർക്ക് **15,000** രൂപ വീതവും പുനർ വായ്പ നൽകുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വായ്പ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഘട്ടങ്ങളിലായിട്ടാണ് പലിശ രഹിത വായ്പ ഇപ്പോൾ വിതരണം | (ബി) | മത്സ്യ വിപണന സ്കീമുകൾക്കുള്ള പലിശ രഹിത വായ്പകളെല്ലാം തന്നെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്തു വരുന്നത്. ഇപ്പോൾ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ **5000** രൂപ വീതമുള്ള ആദ്യ വായ്പയും **10,000** രൂപ |

| | | | |
|---|---|---|---|
| | ചെയ്തു വരുന്നതെന്ന് വെളിപ്പെടുത്തുമോ; | | പ്രകാരമുള്ള പുനർവായ്പയും നാലാം ഘട്ടത്തിൽ മുൻ വായ്പ 10,000 രൂപ അടച്ചു തീർത്തവർക്ക് 15,000 രൂപ പ്രകാരവും പലിശ രഹിത വായ്പ നൽകി വരുന്നുണ്ട്. |
| (സി) | പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ; | (സി) | മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന 18 നും 60 നും മദ്ധ്യേ പ്രായമുള്ള വനിതകളെയാണ് പലിശ രഹിത വായ്പ പദ്ധതിയിലെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. |
| (ഡി) | പ്രസ്തുത സംരംഭത്തിന് ആവശ്യമായ ധനം മത്സ്യഫെഡ് എങ്ങനെയാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് ഇതിലേക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നത്. |

സെക്ഷൻ ഓഫീസർ